<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 467**</u> <u>**23-02-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ബഡ്ജറ്റ് ഇതര കടമെടുപ്പ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ബഡ്ജറ്റ് ഇതര കടമെടുപ്പ് സംസ്ഥാന സർക്കാരിനെ കടക്കെണിയിലാക്കുമെന്ന കംപ്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2020 മാർച്ച് വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 5 ഓഫ് 2021 ലെ ചാപ്റ്റർ 2.6.2 ലെ പരാമർശത്തിന്മേൽ സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ; | (എ) | കിഫ്ബി ആന്വറ്റി മാതൃകയിൽ അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു തനത് സാമ്പത്തിക സംവിധാനമാണ്. അല്ലാതെ ബജറ്റിന് പുറത്ത് കടമെടുക്കാൻ ഉണ്ടാക്കിയ ഒരു സംവിധാനമോ കിഫ്ബിയുടെ വായ്പകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയോ അല്ല. ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച ഏതാണ്ട് 70,000 കോടി രൂപയോളം വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിഫ്ബിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു കാലക്രമേണ വളരുന്ന ആന്വറ്റി (growing annuity) പേയ്മെന്റ് ആയി കിഫ്ബിക്ക് മോട്ടോർ വാഹന നികുതിയുടെ പകുതിയും പെട്രോൾ സെസ്സ് തുകയും നൽകുമെന്ന് സർക്കാർ നിയമം മൂലം ഉറപ്പ്നൽകുന്നു. കിഫ്ബിയുടെ കാര്യത്തിൽ ഇരുപത്തഞ്ച് ശതമാനം പദ്ധതിയെങ്കിലും വരുമാനദായകമാണ്. വൈദ്യുതി ബോർഡ്, കെ ഫോൺ, വ്യവസായ ഭൂമി, തുടങ്ങിയവക്ക് നൽകുന്ന വായ്പ മുതലും പലിശയും ചേർന്ന് കിഫ്ബിയിൽ തിരിച്ചെത്തുന്നുണ്ട്. അങ്ങനെ നോക്കിയാൽ ഈ തുകയും നിയമം മൂലം സർക്കാരിൽ നിന്ന് ലഭിക്കുന്ന നികുതി വിഹിതവും ചേർത്താൽ കിഫ്ബി ഒരിക്കലും കടക്കെണിയിൽ ആവില്ല. ഓരോ പ്രോജക്ട് എടുക്കുമ്പോഴും അതിന്റെ ബാധ്യതകൾ എന്തെല്ലാമാണ് കൊടുക്കേണ്ടി വരിക എന്ന് കൃത്യമായി വിലയിരുത്താൻ പ്രാപ്തിയുള്ള അസെറ്റ് ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയർ കിഫ്ബി വികസിപ്പിച്ചിട്ടുണ്ട്. അതുപോലെ കിഫ്ബിക്ക് വരും വർഷങ്ങളിൽ ലഭിക്കുന്ന വരുമാനവും കൃത്യമായി കണക്ക് കൂട്ടാൻ ആവും. ഭാവിയിൽ ഒരു ഘട്ടത്തിലും കിഫ്ബിയുടെ ബാധ്യതകൾ വരുമാനത്തെ അധികരിക്കില്ല എന്ന് ഉറപ്പ് വരുത്തി കൊണ്ട് മാത്രമേ കിഫ്ബി ഡയറക്ടർ ബോർഡ് പ്രോജക്ടുകൾ അംഗീകരിക്കുകയുള്ളൂ. അസറ്റ് ലയബിലിറ്റി മാച്ചിങ് |

(ALM )മോഡൽ നടത്താൻ കഴിയുന്ന സോഫ്റ്റ് വെയർ അടിസ്ഥാനത്തിൽ ആണ് കിഫ്ബി പ്രവർത്തിക്കുന്നത്, ഇതു കൊണ്ടാണ് കിഫ്ബി സംസ്ഥാനത്തിന് ബാധ്യതയാകും എന്ന ആരോപണം സാധൂകരിക്കപ്പെടാത്തത്. സംസ്ഥാനത്തെ കടക്കെണിയിലാക്കും എന്നും മറ്റുമുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്. അനിയന്ത്രിതമായ കടമെടുപ്പല്ല കിഫ്ബിയിൽ നടക്കുന്നതെന്ന് സാരം. ബജറ്റിന് പുറത്ത് പദ്ധതികൾക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിനുള്ള കുറുക്കുവഴിയായിട്ടല്ല സർക്കാർ കിഫ്ബിയെ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസത്തിന് ആവശ്യമായ ധനസമാഹരണത്തിനായി രൂപീകൃതമായ ബോഡി കോർപ്പറേറ്റാണ് കിഫ്ബി. അതിനായി സംസ്ഥാന സർക്കാർ ആന്വിറ്റിക്ക് അടിസ്ഥാനമായ വാർഷിക വിഹിതം ബജറ്റിൽ ഉൾക്കൊള്ളിച്ച് നൽകുന്നുണ്ട്. സിഎജിയുടെ 2021 ലെ സംസ്ഥാനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ കിഫ്ബിയുടെ വായ്പകളെ സംബന്ധിച്ച പരാമർശങ്ങൾ ഏകപക്ഷീയവും മേൽപ്പറഞ്ഞ വസ്തുതകൾക്ക് നിരക്കാത്തതുമാണ്. ആന്വിറ്റി മാതൃകയിലുള്ള കിഫ്ബിയുടെ പ്രവർത്തനരീതിയെ ബജറ്റിന് പുറത്തുള്ള കടമെടുപ്പ് സംവിധാനമായി വ്യാഖ്യാനിക്കുകയാണ് സിഎജി റിപ്പോർട്ടിൽ. റിപ്പോർട്ടിൽ പറയുന്ന കാലയളവിൽ തന്നെ കേന്ദ്ര സർക്കാരും ആന്വറ്റി മാതൃകയിലുള്ള സാമ്പത്തിക ക്രയവിക്രയം നടത്തിയിട്ടുണ്ട്. എഴുപത്താറായിരത്തി നാനൂറ്റിമുപ്പത്തഞ്ച് കോടി (76,435.45 കോടി) രൂപയുടെ പദ്ധതികൾ കിഫ്ബി അനുവർത്തിക്കുന്ന രീതിയിൽ കേന്ദ്ര സർക്കാർ ആന്വറ്റി മാതൃകയിൽ ഫണ്ട് ചെയ്യുന്നതിന് ഉറപ്പ് നൽകിയിട്ടുണ്ട്. ആ സമയത്ത് തന്നെ നാൽപ്പത്തോരായിരം കോടി (41,292.67 കോടി)യിലേറെ രൂപയുടെ ആന്വറ്റി ബാധ്യത കേന്ദ്രസർക്കാരിന് നിലനിൽക്കുന്നുണ്ട് എന്നതും എടുത്തുപറയണം. 2019 -20 വരെ കിഫ്ബി 5,036.61 കോടി രൂപ കടമെടുക്കുകയും 353.21 കോടി രൂപ പലിശ ഇനത്തിൽ അടച്ച് തീർത്തിട്ടുമുണ്ട്. അതോടൊപ്പം ഈ കാലയളവിൽ വാഹന നികുതി വിഹിതം, പെട്രോൾ സെസ് എന്നീ ഇനങ്ങളിലായി സംസ്ഥാന സർക്കാർ 5,572.85 കോടി രൂപ കിഫ്ബിക്ക് നൽകിയിട്ടുമുണ്ട്. അതായത്, കിഫ്ബിയുടെ ആ കാലയളവിലെ ബാധ്യതയേക്കാൾ കൂടുതൽ തുക സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്. മേൽപറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ കിഫ്ബി വായ്പകളെ ഓഫ് ബജറ്റ് കടമെടുപ്പായോ

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ നേരിട്ടുള്ള ബാധ്യത ആയോ വ്യാഖ്യാനിക്കേണ്ടതില്ല. കിഫ്ബിയുടേത് ഓഫ് ബജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജന്റ് ലയബിലിറ്റി അല്ലായെന്നുമുള്ള സി.ആന്റ് എജിയുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യമാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുമുള്ളതാണെന്ന് മാത്രവുമല്ല സി.ആന്റ്ട എജിയുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൌണ്ടിംഗ് തത്വങ്ങള്ക്ക് അനുസൃതമല്ലാത്തതുമാണ്. ആയതിനാൽ 2019 ലെ സംസ്ഥാനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ സി.ആന്റ്ത എ.ജി നടത്തിയ സമാന പരാമർശങ്ങൾ പതിനാലാം കേരള നിയമസഭ നിരാകരിച്ചിരുന്നതാണ്. |
| (ബി) | ഇത്തരത്തിൽ സംസ്ഥാന നിയമസഭയെ അറിയിക്കാതെയും നിയമസഭയുടെ അനുമതി വാങ്ങാതെയും നടത്തുന്നതായി പറയപ്പെടുന്ന കടമെടുപ്പിലെ ഗുരുതരമായ അനൗചിത്യം കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതിൽ സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ; | (ബി) | 2003 ലെ കേരള ധന ഉത്തരവാദിത്ത നിയമത്തിൽ വിവക്ഷിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെയാണ് കിഫ്ബിയുടെ വായ്പകള്ക്ക്ു സർക്കാർ ഗ്യാരണ്ടി നല്കു ന്നത്. ഇത് ബജറ്റ് രേഖകളോടൊപ്പം സഭയിൽ സമർപ്പിക്കപ്പെടുന്നതാണ്. കൂടാതെ കിഫ്ബിയുടെ അക്കൌണ്ട്സും പ്രവർത്തന റിപ്പോർട്ടും ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കപ്പെടുന്നുണ്ട്. ആയതിനാൽ തന്നെ കിഫ്ബിയുടെ കടമെടുപ്പ് 2003 ലെ ധന ഉത്തരവാദിത്ത നിയമത്തിന്റെ ലംഘനമാണെന്നുള്ള വാദത്തിനും നിയമ സഭയെ അറിയിക്കാതെയുള്ള കടമെടുപ്പാണെന്നുമുള്ള വാദത്തിലും കഴമ്പില്ല. ഈ പരാമർശവും സഭ നിരാകരിച്ചിട്ടുള്ളതാണ്. |
| (സി) | ഇപ്രകാരമുള്ള കടമെടുപ്പ് 2003 ലെ കേരള ധന ഉത്തരവാദിത്ത നിയമങ്ങളുടെ ലംഘനമാണെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പ്രസ്തുത റിപ്പോർട്ടിലെ പരാമർശം സർക്കാർ എപ്രകാരമാണ് വിലയിരുത്തുന്നത്; | (സി) | 2003 ലെ കേരള ധന ഉത്തരവാദിത്ത നിയമത്തിൽ വിവക്ഷിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെയാണ് കിഫ്ബിയുടെ വായ്പകള്ക്ക്ു സർക്കാർ ഗ്യാരണ്ടി നല്കു ന്നത്. ഇത് ബജറ്റ് രേഖകളോടൊപ്പം സഭയിൽ സമർപ്പിക്കപ്പെടുന്നതാണ്. കൂടാതെ കിഫ്ബിയുടെ അക്കൌണ്ട്സും പ്രവർത്തന റിപ്പോർട്ടും ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കപ്പെടുന്നുണ്ട്. ആയതിനാൽ തന്നെ കിഫ്ബിയുടെ കടമെടുപ്പ് 2003 ലെ ധന ഉത്തരവാദിത്ത നിയമത്തിന്റെ ലംഘനമാണെന്നുള്ള വാദത്തിനും നിയമ സഭയെ അറിയിക്കാതെയുള്ള കടമെടുപ്പാണെന്നുമുള്ള വാദത്തിലും കഴമ്പില്ല. ഈ പരാമർശവും സഭ നിരാകരിച്ചിട്ടുള്ളതാണ്. |
| (ഡി) | സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ രൂപീകരിച്ചിട്ടുള്ള കമ്പനികൾ മുഖാന്തരം നടത്തുന്ന | (ഡി) | സർക്കാർ വിവിധ ആവശ്യങ്ങള്ക്കാ യി രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിലൂടെ അവയുടെ |

| | | | |
|---|---|---|---|
| | ബഡ്ജറ്റ് ഇതര കടമെടുപ്പ് ഉൾപ്പെടെയുള്ളവ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിലും അക്കൗണ്ടിലും ഉൾപ്പെടുത്തണമെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിർദേശം [മേൽ പറഞ്ഞ ഖണ്ഡിക 2.6.2 ലെ ശിപാർശ] സംസ്ഥാന സർക്കാർ നടപ്പിലാക്കുമോ? | | പ്രവർത്തന രീതിക്ക് വിധേയമായി വായ്പയിലൂടെ സമാഹരിക്കുന്ന തുകയുടെ വിശദാംശം പ്രസ്തുത സ്ഥാപനങ്ങളുടെ ബാധ്യതയായി അവയുടെ കണക്കുകളിൽ കാണിക്കുന്നുണ്ട്. അവ സർക്കാരിന്റെ ബാധ്യതയല്ലാത്തതിനാൽ സർക്കാരിന്റെ കണക്കുകളില്പ്പെടുത്തേണ്ടതില്ല. |

സെക്ഷൻ ഓഫീസർ